ഉത്തരം

(എ) 23-12-2002-ൽ.

(ബി) 270 ഒഴിവുകളുണ്ട്.

(സി) ഇല്ല.

(ഡി) 2001-2002-ൽ ഉണ്ടായിരുന്ന 35 ഒഴിവുകളിൽ ആളെ നിർദ്ദേശിക്കാൻ പി.എസ്.സി.-ക്ക് എഴുതിയിട്ടുണ്ട്.

(ഇ) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് നടപടി

122 (3681) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കാടകംപാൽ ഇ.എം.എൽ.പി. സ്കൂളിലെ റിട്ടയേർഡ് ഹെഡ്മാസ്റ്ററായ ശ്രീ. സി. ഇ. ജോസ് എന്നയാൾ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) കാലവിളംബം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 1-6-2001-ൽ ശ്രീ. സി. ഇ. ജോസ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് കുന്നംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) ശ്രീ. സി. ഇ. ജോസ് സമർപ്പിച്ച അപേക്ഷപ്രകാരം അദ്ദേഹത്തിന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും എൻ. എൽ. സി. -യും എൽ.പി.സി.-യും നൽകുകയും ചെയ്തിട്ടുണ്ട്. 30-3-2002-ന് അദ്ദേഹം ഡി.സി.ആർ.ജി. കൈപ്പറ്റിയിട്ടുണ്ട്.

(സി) പെൻഷൻ ആനുകൂല്യങ്ങൾ നൽകികഴിഞ്ഞു, എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ്

123 (3682) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ സർക്കാർ എൽ.പി., യു.പി. സ്കൂളുകൾ എത്രയുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഈ സ്കൂളുകളിലായി എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് ഇപ്പോൾ ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പത്തനംതിട്ട ജില്ലയിലെ എൽ.പി., യു.പി. അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ എന്നാണ് ഇത് പ്രസിദ്ധീകരിച്ചത് ; ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഡി) ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നും, ഓരോ വിഭാഗത്തിലും എത്രാമത്തെ ആൾ വരെ എന്നും വ്യക്തമാക്കാമോ ;

(ഇ) ബാക്കിയുള്ള ഒഴിവുകൾ ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൽ.പി. സ്കൂൾ - 168

യു.പി. സ്കൂൾ - 45

(ബി) 78 ഒഴിവുകൾ.

(സി) ഉണ്ട്. 13-8-2002-ൽ പ്രസിദ്ധീകരിച്ചു. മൂന്ന് വർഷത്തെ കാലാവധിയുണ്ട്.

(ഡി) 18 പേർക്ക്. പി.എസ്.സി. വഴിയേ അറിയാൻ സാധിക്കുകയുള്ളൂ.

(ഇ) 78 ഒഴിവുകൾ നികത്തുന്നതിന് ഉള്ള അനുവാദം നല്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിലവിലുള്ള നിയമമനുസരിച്ച് സർക്കാർ അനുമതിയോടെ നിയമനം നൽകുന്നതാണ്.

കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഒഴിവുള്ള തസ്തികകൾ

124 (3683) ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു ജൂനിയർ സൂപ്രണ്ട്, അഞ്ച് ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു പ്യൂൺ, ഒരു ഫുൾടൈം മീനിയൽ എന്നീ തസ്തികകൾക്ക് നാളിതുവരെയും അംഗീകാരം നൽകിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ അനുവദിച്ച്, ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 19-3-2003-ലെ ജി.ഒ.(എം.എസ്.)92/2001/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുമ്പോൾ 7 ക്ലാർക്കുമാരെയും ഒരു ശിപായിയെയും പുനർവിന്യാസം വഴി നിയമിക്കാൻ ഉത്തരവായിരുന്നു. 31-12-2002-ലെ ജി.ഒ.(എം.എസ്.) 430/2002/പൊ.വി. പ്രകാരം കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly